LIBRARY ARCHIVES Kerala Legislative Assembly

(സി) നിലവിൽ മെഡിസെപ് പദ്ധതിക്ക് വന്നിട്ടുള്ള കാലതാമസം പരിഹരിച്ച് പദ്ധതി അടിയന്തരമായി പ്രാവർത്തികമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കാമോ?

സംസ്ഥാന സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കുമായി നടപ്പിലാക്കുന്ന ആരോഗ്യ ഇൻഷുറൻസ് പദ്ധതി പുനരാരംഭിച്ചതിന്റെ ഭാഗമായി പുതുക്കിയ Request For Proposal (RFP) 22-1-2021-ൽ പ്രസിദ്ധീകരിക്കുകയും റീ-ടെണ്ടർ നടപടികൾ ആരംഭിക്കുകയും ചെയ്തു. റീ-ടെണ്ടർ നടപടികളിൽ പങ്കെടുത്ത നാല് ഇൻഷുറൻസ് കമ്പനികളുടേയും ധനകാര്യ ബിഡ് (financial bid) പരിഗണിക്കുന്നതിനുവേണ്ടി ടി കമ്പനികൾ സമർപ്പിച്ചിരുന്ന സാങ്കേതിക ബിഡുകൾ (technical bids) Technical Evaluation Committee പരിശോധിച്ച് അംഗീകരിച്ചിട്ടുണ്ട്. പിന്നീട് അഡ്വക്കേറ്റ് ജനറൽ കേരളയുടെ നിയമോപദേശത്തിന്റെ അടിസ്ഥാനത്തിൽ Request For Proposal-ൽ ഉൾപ്പെടുത്തിയ നിബന്ധനക്കെതിരെ (Special Clause) റിലയൻസ് ജനറൽ ഇൻഷുറൻസ് കമ്പനി ബഹുമാനപ്പെട്ട ഹൈക്കോടതിക്ക് മുൻപാകെ റിട്ട് പെറ്റീഷൻ (Writ Petition) ഫയൽ ചെയ്തിരുന്നുവെങ്കിലും ആയത് തള്ളിക്കളഞ്ഞുകൊണ്ട് വിധി വന്നതിന്റെ അടിസ്ഥാനത്തിൽ ധനകാര്യ ബിഡ് 7-4-2021-ൽ തുറന്നിരുന്നു. തുടർന്ന് ടി വിധിക്കെതിരെ റിലയൻസ് കമ്പനി ഫയൽ ചെയ്ത അപ്പീലിനെതിരെ നിയമ നടപടി സ്വീകരിച്ചുവരുന്നു.

2011-2016 കാലയളവിലെ ക്ഷേമ പെൻഷനുകൾ

57(323) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011 മുതൽ 2016 വരെ വിവിധ ക്ഷേമ പെൻഷനുകൾക്കായി ചെലവഴിച്ച തുക, എത്ര പേർക്ക് നൽകി എന്നിവയുടെ വിവരം വർഷം തിരിച്ച് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത കാലയളവിൽ ക്ഷേമ പെൻഷൻ വിതരണത്തിൽ കുടിശ്ശിക വരുത്തിയിട്ടുണ്ടോ; വിശദവിവരം ലഭ്യമാക്കാമോ?

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) 2014 മുതൽ വൃദ്ധസദനങ്ങൾ, യാചക മന്ദിരങ്ങൾ, വിവിധതരം ശാരീരിക/മാനസിക വെല്ലുവിളി നേരിടുന്നവർക്കായുള്ള സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ അന്തേവാസികൾക്കുള്ള ഗ്രാന്റ് തുക വർദ്ധിപ്പിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

വൃദ്ധമന്ദിരം/യാചകമന്ദിരം എന്നിവിടങ്ങളിലെ താമസക്കാർക്ക് ഗ്രാന്റ് നൽകുന്നതായി എൻ.ജി.ഒ.യ്ക്ക് ഗ്രാന്റ് നൽകുന്ന "ദുർബല ജനവിഭാഗങ്ങൾക്ക് സുരക്ഷിതത്വം നൽകുന്ന പദ്ധതി" പ്രകാരം എംപാനൽ ചെയ്തിട്ടുള്ള സന്നദ്ധ സംഘടനകൾക്ക് 18-8-2015-ലെ സ.ഉ.(സാധാ)നമ്പർ522/2015/സാ.നീ.വ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ഒരു താമസക്കാരനുള്ള ഗ്രാന്റ് തുക 750 രൂപയിൽ നിന്നും 1,500 രൂപയാക്കി വർദ്ധിപ്പിച്ചിട്ടുണ്ട്. 14-1-2015-ലെ സ.ഉ(സാധാ) നമ്പർ17/2015/സാനീവ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ക്ഷേമ സ്ഥാപനങ്ങളിലെ താമസക്കാരുടെ പ്രതിമാസ ഗ്രാന്റ് 850 രൂപയിൽ നിന്നും 1,000 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. 10-10-2018-ലെ സ.ഉ(സാധാ)നമ്പർ590/2015/ സാനീവ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ക്ഷേമ സ്ഥാപനങ്ങളിലെ താമസക്കാർക്കുള്ള പ്രതിമാസ ഗ്രാന്റ് 1,000 രൂപയിൽ നിന്നും 1,100 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. ഇതിനുശേഷം ഗ്രാന്റ് തുക വർദ്ധിപ്പിച്ചിട്ടില്ല. 29-7-2015-ലെ ജി.ഒ.(ആർ.ടി) നമ്പർ467/2015/സാ.നീ.വ. സർക്കാർ ഉത്തരവ് പ്രകാരം സർക്കാർ ക്ഷേമ സ്ഥാപനങ്ങളിലെ താമസക്കാർക്ക് ഭക്ഷണം, മരുന്ന് എന്നിവയ്ക്ക് നൽകിയിരുന്ന പ്രതിമാസ ഗ്രാന്റ് 850 രൂപയിൽനിന്നും 3,000 രൂപയായും വസ്ത്രങ്ങൾക്ക് നൽകിയിരുന്ന പ്രതിവർഷ ഗ്രാന്റ് 1,000 രൂപയിൽനിന്നും 2,000 രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്. വിവിധ മാനസിക വെല്ലുവിളി നേരിടുന്നവരെ പുനരധിവസിപ്പിക്കുന്ന സർക്കാർ അംഗീകാരമുള്ള സർക്കാർ/സർക്കാരിതര സൈക്കോസോഷ്യൽ പുനരധിവാസ കേന്ദ്രങ്ങൾക്ക് 21-11-2012-ലെ ജി.ഒ(ആർ.ടി) നമ്പർ511/2012 നമ്പർ സർക്കാർ ഉത്തരവ് പ്രകാരമാണ് സൈക്കോസോഷ്യൽ ഗ്രാന്റ് ഇൻ എയ്ഡ് പദ്ധതി പ്രകാരം ഗ്രാന്റ് അനുവദിച്ചു വരുന്നത്. സ്ഥാപനങ്ങളിലെ താമസക്കാർക്ക് ഹോസ്റ്റൽ/ഹോം മെയിന്റനൻസ്, മെഡിസിൻ & ലാബ് ചാർജ്ജുകൾ എന്നിവയ്ക്ക് പ്രതിമാസം 750 രൂപയും, കണ്ടിജൻസിക്ക് പ്രതിവർഷം 1,600 രൂപയും ഗ്രാന്റായി അനുവദിച്ചുവരുന്നു. ടി ഗ്രാന്റ്തുക ഇതുവരെ വർദ്ധിപ്പിച്ചിട്ടില്ല.

സാമൂഹ്യ സുരക്ഷാ പെൻഷൻ

58(326) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സാമൂഹ്യ സുരക്ഷാ പെൻഷൻ ലഭിക്കുന്നവർക്ക് മസ്റ്ററിംഗ് നടത്താത്തതിന്റെ പേരിൽ പെൻഷൻ നിർത്തലാക്കിയിട്ടുണ്ടോ; മസ്റ്ററിംഗ് ചെയ്താൽ പെൻഷൻ കുടിശിക ഉൾപ്പെടെ ഗുണഭോക്താവിന് ലഭ്യമാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?